(ഡി) നദീതീര സംരക്ഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി മാത്രമാണ് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നത്. മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി ടി തുക വിനിയോഗിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം

127 (3874) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനായി പത്തനംതിട്ട ജില്ലാ സമിതി അംഗീകരിച്ച് സംസ്ഥാന സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച മണിമല, അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ ഇത്തവണത്തേതുൾപ്പെടെ കഴിഞ്ഞ 4 വർഷത്തെ പ്രവൃത്തികൾ ഏതൊക്കെ എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണത്തിന് സംസ്ഥാന സമിതി അംഗീകാരം നൽകി; അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ പേരും തുകയും നദിയും സഹിതം വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ശേഷിക്കുന്ന മറ്റ് പ്രവൃത്തികൾക്ക് സംസ്ഥാന സമിതി അംഗീകാരം നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ; പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന സമിതി മാറ്റിവച്ച പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാന സമിതി അംഗീകാരം നൽകിയ പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായി ; അംഗീകാരം ലഭിച്ച ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ ;

(എഫ്) വടശ്ശേരിക്കരയിലെ പേണാട്ടുകടവിൽ ക്രോസ് വേ നിർമ്മിക്കുന്നതിനായി നേരത്തെ ആർ.എം.എഫ്.-ൽ അനുമതി നൽകിയിരുന്ന ഒരു കോടി രൂപയുടെ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത തുക എന്തുചെയ്തു ; ഇതിനുപകരമായി ഏതെങ്കിലും പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ

128 (3875) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ഏതെല്ലാം ജില്ലാ കളക്ടർമാരാണ് ഭൂമി ഉപയുക്തമാക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly